# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.434 — 27/09/2016-ൽ മറുപടിക്ക്

## പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി

| | ചോദ്യം<br><br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br><br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടം വരെയായി എന്നു വിശദമാക്കുമോ; പണികൾ പൂർത്തിയാക്കി പദ്ധതി എന്നു കമ്മീഷൻ ചെയ്യാനാകും എന്ന് വ്യക്തമാക്കുമോ; | (എ) | പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ഏകദേശം 83% പൂർത്തിയായി കഴിഞ്ഞു. 2016 ഡിസംബർ മാസത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | ഇവയുടെ നിർമ്മാണ പ്രവൃത്തികൾക്ക് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ത്; ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | നിലവിൽ തടസ്സങ്ങളൊന്നുമില്ല. |
| (സി) | എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇവിടെ നിന്നും ഉൽപ്പാദിപ്പിക്കുന്നത്; ഇവിടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി എവിടെയാണ് വിതരണം ചെയ്യുകയെന്നും പദ്ധതിയുടെ ആകെ നിർമ്മാണ ചിലവ് എത്ര രൂപയാണെന്നും വ്യക്തമാക്കുമോ; | (സി) | 6 മെഗാവാട്ട് (25.7 ദശലക്ഷം യൂണിറ്റ് വാർഷിക ഉല്പാദന ശേഷി) വൈദ്യുതിയാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്. ഇവിടെ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി റാന്നി 110 കെ.വി സബ് സ്റ്റേഷന്റെയും, റാന്നി-പെരുനാട് 33 കെ.വി സബ് സ്റ്റേഷന്റെയും പരിധിയിൽ വരുന്ന വെച്ചൂച്ചിറ, നാരാണം മൂഴി, റാന്നി-പെരുനാട്, റാന്നി-പഴവങ്ങാടി, റാന്നി-അങ്ങാടി പഞ്ചായത്തുകളിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ആകെ നിർമ്മാണ ചിലവ് 67.90 കോടി രൂപയാണ്. |

(....2)

| | | | |
|---|---|---|---|
| (ഡി) | പദ്ധതിയുടെ വിതരണ ലൈനുകൾ സ്ഥാപിച്ചിട്ടുണ്ടോ? | (ഡി) | വൈദ്യുതി പ്രസരണ-വിതരണം ചെയ്യുന്നതിനായി ലൈനുകളും കേബിളുകളും സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ